# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4195** **21.07.2015 ൽ മറുപടിയ്ക്ക്**

## റബ്ബറിന് വില സ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന് 150 രൂപായുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? | (എ) റബ്ബറിന് വില സ്ഥിരത ഉറപ്പുവരുത്തിക്കൊണ്ട്, റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതിന് 2015-16 ലെ ബഡ്ജറ്റിൽ 300 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് പ്രഖ്യാപിക്കുകയും അതു പ്രകാരം സ.ഉ (പി) നം.269/2015/ഫിൻ തീയതി 03/07/2015 പ്രകാരം റബ്ബർ ഉല്പാദന ഉത്തേജന പദ്ധതിക്കുള്ള ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി കർഷകർക്ക് റബ്ബർ ഉത്പാദക സംഘങ്ങളിൽ അപേക്ഷ നൽകാം. റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകും. 5 ഹെക്ടറിനു താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനുള്ള ആനുകൂല്യം നൽകുന്നതാണ്. ആർ.എസ്.എസ്.4, ആർ.എസ്.എസ്.5 ഗ്രേഡുകളിലുള്ള റബ്ബറിന് സബ്സിഡി ലഭിക്കും. |

സെക്ഷൻ ഓഫീസർ